യാത്രക്കാർക്കുവേണ്ടി സീറ്റ് ഒഴിച്ചിട്ട് സർവ്വീസ് നടത്താൻ കഴിയില്ല. ഏതവസരത്തിലും കണ്ടക്ടർ സീറ്റിന് സമാന്തരമായി വലതുവശത്തുള്ള മൂന്നുപേർക്കിരിക്കാവുന്ന സീറ്റിൽ പുരുഷൻമാർ ഇരിക്കുകയാണെങ്കിൽ അവരെ മാറ്റി സ്ത്രീകൾക്ക് നൽകുന്നതാണ്. 25% സീറ്റുകൾ സ്ത്രീകൾക്ക് സംവരണം ചെയ്യപ്പെട്ടിട്ടുള്ളതുകൊണ്ടാണ് ആ സീറ്റിൽ ഇരിക്കുന്ന പുരുഷൻമാരോട് കണ്ടക്ടർ അഭ്യർത്ഥിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളത്. നിലവിലുള്ള നിയമങ്ങൾ അനുസരിച്ചാണ് ഒരേ സർക്കുലറിൽ രണ്ടു കാര്യങ്ങളും വ്യവസ്ഥചെയ്തിരിക്കുന്നത്.

(എഫ്) ഇല്ല.

(ജി) ബന്ധപ്പെട്ട സർക്കുലറിൽ വൈരുദ്ധ്യങ്ങളില്ല.

(എച്ച്) പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടെങ്കിലും ഈ കാര്യം പരമാവധി പരിഗണിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പള പരിഷ്കരണം

98(1922)ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച കരാർ എന്ന് മുതൽക്കാണ് പ്രാബല്യത്തിൽ വന്നത്;

(ബി) പുതുക്കിയ ശമ്പള നിരക്കുകൾ എന്നുമുതൽക്കാണ് ജീവനക്കാർക്ക് നൽകിയത്;

(സി) ഈ ഇനത്തിൽ ജീവനക്കാർക്ക് കുടിശ്ശിക തുക നൽകാനുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത തുക എന്നേയ്ക്ക് നൽകാനാകും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1.3.1997 മുതൽക്ക് പ്രാബല്യത്തിൽ വന്നു.

(ബി) 1.11.1999 മുതൽക്ക് പുതുക്കിയ നിരക്കിൽ ശമ്പളം നൽകി.

(സി) ഉണ്ട്.

(ഡി) കുടിശ്ശിക തുക പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടിൽ ലയിപ്പിക്കുമെന്നതാണ് കരാറിലെ വ്യവസ്ഥ. ആയത് നടപ്പിലാക്കുന്നത് സംബന്ധിച്ച് തീരുമാനമായിട്ടില്ല.

കണ്ണൂർ ജില്ലയിലെ പുതിയ കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസുകൾ

99 (1923)ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിൽ എത്ര പുതിയ കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്; അവ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly